(ബി) ഇതുസംബന്ധിച്ച നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും 5-11-2013-ലെ ജി3/4411/13 നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) അന്തിമ തീരുമാനമായിട്ടില്ല.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

105 (2938) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം 2014-15, 2015-16 കാലയളവിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രതിഫല ഇനത്തിൽ തൊഴിലാളികൾക്ക് നൽകിയ തുക മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) പ്രതിഫല ഇനത്തിൽ കുടിശ്ശികയുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ; കുടിശ്ശിക തുക നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം 2014-15 വർഷത്തിൽ 443645 തൊഴിൽ ദിനങ്ങളും 2015-16 സാമ്പത്തിക വർഷത്തിൽ 30-1-2016 വരെ 267277 തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തികവർഷം മുതൽ നാളിതുവരെ നഗരസഭകൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പ്രതിഫല ഇനത്തിൽ കുടിശ്ശിക ഒന്നുംതന്നെ നൽകാനില്ല.

കംഫർട്ട് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള കർമ്മപദ്ധതി

106 (2939) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ കംഫർട്ട് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നഗരങ്ങളിൽ പൊതുശൗചാലയങ്ങൾ/സാമൂഹിക ശൗചാലയങ്ങൾ എന്നിവ ആവശ്യകത തിട്ടപ്പെടുത്തി നഗര പ്രദേശങ്ങളിൽ നിർമ്മിക്കുന്നതിന് നഗര സഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൽപ്പറ്റ, കൊയിലാണ്ടി, നെടുമങ്ങാട്, താനൂർ, മൂവാറ്റുപുഴ, പയ്യോളി തുടങ്ങിയ നഗരസഭകൾ പൊതു/സാമൂഹിക ശൗചാലയങ്ങൾക്കുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട നഗരസഭകൾ/കോർപ്പറേഷനുകളാണ് പൊതു/സാമൂഹിക ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തി നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കേണ്ടത്. ശുചിത്വ മിഷനിൽനിന്നും ഇതിനോടകം സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രസ്തുത നിർമ്മാണപ്രവൃത്തികൾ നഗരസഭകൾ/കോർപ്പറേഷനുകളെ അറിയിച്ചിട്ടുണ്ട്. PPP മോഡലിൽ പൊതു ശൗചാലയങ്ങൾ പണിയുന്നതിനും, പൊതു/സാമൂഹിക ശൗചാലയങ്ങളുടേയും നിർമ്മിതിക്കായി CSR ഫണ്ട് (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) സമാഹരിക്കുന്ന നടപടികളും സ്വീകരിച്ചുവരുന്നു.

സമ്പൂർണ്ണ ചേരി പരിഷ്കരണ പദ്ധതി

107 (2940) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ജവഹർ ലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ, രാജീവ് ആവാസ് യോജന എന്നീ പദ്ധതികളുടെ സഹായത്തോടെ സമ്പൂർണ്ണ ചേരി പരിഷ്കരണ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പദ്ധതി നടപ്പാക്കിയെങ്കിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് നടപ്പാക്കിയത്;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി ഓരോ ബഡ്ജറ്റിലും എത്ര തുക നീക്കിവച്ചു; എത്ര രൂപ ചെലവഴിച്ചു?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയുടെ ഉപഘടകങ്ങളായ ബി.എസ്.യുപി., ഐ.എച്ച്.എസ്.ഡി.പി. പദ്ധതികളും രാജീവ് ആവാസ് യോജന പദ്ധതിയും കേരളത്തിൽ നടപ്പിലാക്കിവരുന്നു. ബി.എസ്.യുപി പദ്ധതി തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിലും ഐ.എച്ച്.എസ്.ഡി.പി. പദ്ധതി തെരഞ്ഞെടുത്ത 45 നഗരസഭകളിലുമാണ് നടപ്പിലാക്കി വരുന്നത്. രാജീവ് ആവാസ് യോജന പദ്ധതി തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കൊല്ലം കോർപ്പറേഷനുകളിലും നടപ്പിലാക്കി വരുന്നു.

(സി ആന്റ് ഡി) വിശദവിവരങ്ങൾ അനുബന്ധം 'എ'യിൽ കാണാവുന്നതാണ്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly